പ്രഖ്യാപിച്ചതിനുശേഷം ഇതുവരെ വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കാത്തവിധം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണ്. അറുന്നൂറോളം തൊഴിലാളികളും പണിയെടുക്കുന്നതും നാല്പതോളം ഓഫീസർമാർ ഉള്ളതുമായ ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കണം. അവിടെ ലേ ഓഫ് ആനുകൂല്യങ്ങളെങ്കിലും തൊഴിലാളികൾക്ക് കൊടുക്കാൻ സാധിക്കുന്നില്ല. പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുപോലും സാധിക്കുന്നില്ല. അങ്ങനെ നിവർന്ന് നിൽക്കാൻ പോലും സാധിക്കാത്തവിധത്തിൽ കനത്ത ഒരു സാമ്പത്തിക ചുഴിയിലകപ്പെട്ടിരിക്കുന്ന ഈ സ്ഥാപനത്തെ കരകയറ്റാനും, അവിടെയുള്ള തൊഴിലാളികളെ രക്ഷിക്കാനും ഗവൺമെന്റ് അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, കുണ്ടറയിലെ കേരളാ സിറാമിക് സ്ഥാപനം ലേ ഓഫിലാണ്. അതിലെ തൊഴിലാളികൾക്ക് ലേ ഓഫ് വേജസും ബോണസും മറ്റും കൊടുക്കാനായി മൂന്നരക്കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. പക്ഷെ അതിന്റെ പുനരുദ്ധാരണത്തിനായി കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഹോൾഡിംഗ് കമ്പനി ഒരു റീഓറഗനൈസേഷൻ സ്കീം നൽകി. അതു പരിശോധിച്ചപ്പോൾ ആ പദ്ധതിയുമായി മുന്നോട്ടുപോയാൽ ഇന്നത്തെ നിലയിൽ ഈ സ്ഥാപനത്തെ നിലനിറുത്താൻ പ്രയാസമാണെന്ന് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും മറ്റും പറഞ്ഞതിന്റെ വെളിച്ചത്തിൽ ഇക്കഴിഞ്ഞ 1-10-1986-ന് വ്യവസായവകുപ്പ് കമ്മീഷണർ ബന്ധപ്പെട്ട മേധാവികളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇതേപ്പറ്റി ചർച്ച ചെയ്തു. ഇവർ ഗവൺമെന്റിന്റെ മുൻപിലുള്ള ആ പദ്ധതി ഒന്നുകൂടി റിവൈസ് ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാലുടൻ തന്നെ സാമ്പത്തികസ്ഥാപനങ്ങളുമായി ആലോചിച്ച് അതിനെ പുനരുദ്ധരിപ്പിക്കാനും ലാഭകരമായി പ്രവർത്തിപ്പിക്കാനുമാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു.

(2) കിളിമാനൂർ, ചിറയിൻകീഴ് എന്നീ ബ്ലോക്കുകളിലെ സാമൂഹ്യവികസന പദ്ധതികളുടെ സ്തംഭനാവസ്ഥ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, കിളിമാനൂർ സാമൂഹ്യ വികസന ബ്ലോക്കിൽ എൻ. ആർ. ഇ. പി. യിലും, ആർ. എൽ. ഇ. ജി. പി. യിലും എടുത്ത് അനുവാദം നൽകിയ 15 റോഡുകളുടെ നിർമ്മാണം 1980-81-ൽ ആരംഭിച്ചുവെങ്കിലും ഒന്നിന്റെ പണിപോലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ഒരു റോഡിന് 8 മീറ്റർ വീതി വേണമെന്ന് നിർബന്ധമുള്ളതാണ് ഈ റോഡുകളുടെ പണി തുടർന്ന് നടത്താൻ കഴിയാതെ വരുന്നത്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രായോഗികമായി അത് നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള യാതൊരു പ്രശ്നം സംബന്ധിച്ചും സർക്കാർ ചിന്തിക്കാറില്ല. സമയമില്ലാത്തതുകൊണ്ട് ആ റോഡുകളുടെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. വീടുകളുടെ സ്ഥിതിയുമിതാണ്. എൻ. ആർ. ഇ. പി. യിലും ആർ. എൽ. ഇ. ജി. പി. യിലും തുടങ്ങിയിട്ടുള്ള വീടുകൾക്ക് ഈ ഗവൺമെന്റ് സ്പെസിഫിക്കേഷൻ അനുസരിച്ച് ഒരു വീടും പണിയാൻ സാദ്ധ്യമല്ല. ആറായിരം രൂപയ്ക്കകത്ത് ഈ വീടുകൾ പണിയാൻ നിർവ്വാഹമില്ല. അതുകൊണ്ട് ഈ വീടുകളുടെ പണിയും സ്തംഭനാവസ്ഥയിലാണ്. അതുപോലെ ഐ. ആർ. ഡി. പി. ലോൺ കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ ഈ ലോൺ വളരെ പരിമിതമായ ആളുകൾക്ക് മാത്രമാണ് കിട്ടുന്നത്. അർഹതപ്പെട്ട ആളുകൾക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് ആ പദ്ധതിയും അവിടെ സ്തംഭനത്തിലാണ്. ചുരുക്കത്തിൽ ആ ബ്ലോക്കിൽ റോഡുകളുടെ പണിയോ പാലങ്ങളുടെ പണിയോ വീടുകളുടെ പണിയോ ഒന്നും നടക്കുന്നില്ല. ഐ. ആർ. ഡി, പി. കൊടുത്ത സ്വയം തൊഴിൽ കണ്ടെത്തുന്ന പരിപാടിയും ഫലത്തിൽ ആ ബ്ലോക്കിൽ നടക്കുന്നില്ല. ഉദ്ദ്യോഗമന്ത്രി പറയുമായിരിക്കും. ഇത്തരത്തിൽ എസ്റ്റിമേറുള്ള പദ്ധതി നടപ്പിലാക്കി അല്ലെങ്കിൽ അനുവദിച്ചുവെന്ന്. പക്ഷെ അതു നടപ്പിലാക്കാതെ അനുവദിച്ചതുകൊണ്ട് ഫലമില്ല. റോഡിന്റെ സ്പീൽ ഓവർ വർക്ക് നടത്താൻ നിർവ്വാഹമില്ലാത്തത് റോഡിന് നിശ്ചയിച്ചിട്ടുള്ള വീതി ലഭിക്കാത്തതുകൊണ്ടാണ്. അത് സ്പീൽ ഓവർ ചെയ്തില്ല എങ്കിൽ പുതിയ വർക്ക് നടക്കുകയില്ല എന്നാണ് ഗവൺമെൻറിന്റെ നയം. ഈ തെറ്റായ നയംകൊണ്ട് അവിടെയാതൊരു വികസനപ്രവർത്തനവും നടക്കുന്നില്ല. ഗവൺമെന്റിന് എന്തെങ്കിലും ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുമെങ്കിൽ അതു ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ, എം. എൽ. എ. മാർ, മറ്റ് പ്രതിനിധികൾ തുടങ്ങിയവരുടെ ബ്ലോക്ക് തലത്തിൽ ഒരു കോൺഫറൻസ് ജില്ലാ കളക്ടർ വിളിച്ചു കൂട്ടുകയും ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തു. പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് വീണ്ടും റിവ്യൂ ചെയ്യുന്നതാണ്. കിളിമാനൂർ, ചിറയിൻകീഴ് ബ്ലോക്കിൽ വികസനപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല എന്നു പറയുന്നത് ശരിയല്ല. വളരെയധികം വർക്കുകൾ നടന്നിട്ടുണ്ട്. കിളിമാനൂർ ബ്ലോക്കിൽ ഏതാണ്ട് എട്ടുലക്ഷത്തിതൊണ്ണൂറ്റി രണ്ടായിരത്തി ഒരുനൂറ്റിയാറ് രൂപയുടെ സ്പിൽ ഓവർ വർക്കുണ്ട് എന്നുള്ളത് ശരിയാണ്. ചിറയിൻകീഴ് ബ്ലോക്കിലും പതിനൊന്നു ലക്ഷത്തി ഇരുപത്താൻപതിനായിരത്തി അറുനൂറ്റിതൊണ്ണൂറ്റി ഒൻപത് രൂപയുടെ സ്പിൽ ഓവർ വർക്കുണ്ട്. 1980-81 കാലഘട്ടത്തിൽ എൻ. ആർ. ഇ. പി. ഇൻട്രൊഡ്യൂസ് ചെയ്ത സമയത്ത് വ്യക്തമായ ഗൈഡ്ലൈൻ ഇല്ലാതിരുന്നതുകൊണ്ട് ഏതാനും റോഡുകളുടെ വർക്കുകൾ എടുക്കുകയും ആ റോഡുകളുടെ വർക്കുകൾ ആരംഭിക്കുകയും ചെയ്തു. പിന്നീടാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് വ്യക്തമായ ഗൈഡ്ലൈൻ നൽകിയത്. ഒരു റോഡിന് കുറവും ചുരുങ്ങിയത് 8 മീറ്റർ വീതി വേണമെന്ന നിബന്ധന വന്നതും ആ നിബന്ധന വന്നതോടുകൂടി റോഡിന്റെ ഇരുവശത്തുമുള്ള ആളുകൾ ആവശ്യമായ ഭൂമി വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചുവെങ്കിൽപോലും, നിർമ്മാണ രംഗത്തേക്ക് വന്നപ്പോൾ പലയിടങ്ങളിലും സ്ഥലം വിട്ടുകിട്ടാത്തതുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ നാം ഉദ്ദേശിച്ച വിധത്തിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. ഐ. ആർ. ഡി പി. യെ സംബന്ധിച്ചിടത്തോളം 163 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. ഈ വർഷത്തെ ടാർജറ്റ് കിളിമാനൂരിൽ 720 കുടുംബങ്ങളാണ്. അതിൽ 402 കുടുംബങ്ങൾക്ക് സഹായധനം നൽകിയിട്ടുണ്ട്. ചിറയിൻകീഴ് ബ്ലോക്കിനെ സംബന്ധിച്ചിടത്തോളം 1985-86-ൽ 251 കുടുംബങ്ങളെ സഹായിച്ചു. ഈ വർഷത്തെ 720 കുടുംബങ്ങളിൽ 332 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. വീട് നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എൻ. ആർ.

LIBRARY ARCHIVES Kerala Legislative Assembly

ഇ. പി. യിൽ കഴിഞ്ഞ വർഷം അനുവദിച്ച 73 വീടുകളുണ്ട്. ഇക്കൊല്ലം 123 വീടുകളും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഏതാണ്ട് 71 വീടുകളും കിളിമാനൂർ ബ്ലോക്കിൽ പൂർത്തിയായിട്ടുണ്ട്. ചിറയിൻകീഴ് ബ്ലോക്കിനെ സംബന്ധിച്ചിടത്തോളം അതുപോലെയാണ്. കഴിഞ്ഞ കൊല്ലം 82 വീടുകളുണ്ട്. അതിൽ 22 വീടുകളും പൂർത്തിയായിട്ടുണ്ട്. അപ്പോൾ വീടുകളുടെ പണി പൂർത്തിയാകുന്നതിന് വീട് കിട്ടുന്ന ആളുകളുടെ താൽപര്യവും ആവശ്യമാണ്. ആ ആളുകളും താൽപര്യമെടുത്തുകൊണ്ട് ശ്രമിക്കുകയാണ് വേണ്ടത്. ഏതെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടെങ്കിൽ ഗവൺമെന്റ് തീർച്ചയായും നടപടി സ്വീകരിക്കും.

(3) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ നാലു ദ്വീപുകളിലെ പാലം പണി

ശ്രീ. സി. പി. മുസ്സാൻ കുട്ടി : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പാംപുരുത്തി, കോംത്തുരുത്തി, തേർലായി, കോർലായി എന്നീ 4 ദ്വീപുകളും വളപട്ടണം പുഴയുടെ ചുറ്റുമാണ്. ഒരു വിധത്തിലും വെളിയിലേക്ക് പോകാൻ സാധിക്കുന്നില്ല. ആയിരക്കണക്കിനു വീടുകളുണ്ട്. അവർ എല്ലാ സൗകര്യങ്ങൾക്കും വെളിയിലേക്ക് പോകണം. അതിവർഷമുണ്ടായാലോ രോഗമുണ്ടായാലോ അവർക്ക് വെളിയിലേക്ക് പോകാൻ സാധിക്കുകയില്ല. ഈ 4 ദ്വീപുകൾക്കും പാലം കെട്ടണമെന്ന് പറഞ്ഞ് 1980-ലെ ബഡ്ജറ്റ് വന്നതാണ്. മാത്രമല്ല 1980-ലെ പൊതുമരാമത്തുവകുപ്പു മന്ത്രിയും 1982-ലെ പൊതുമരാമത്തു വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിക്കുകയും അടിയന്തിര നടപടികൾ സ്വീകരിക്കാമെന്നു പറയുകയും ചെയ്തു. കഴിഞ്ഞ മാസം ആ പാംപുരുത്തു ദ്വീപിൽനിന്നും ഒരു അപകടമരണമുണ്ടായി. കുട്ടികൾ മരിച്ചു. ഇത്തരം ദുരിതം ഒഴിവാക്കുന്നതിനുവേണ്ടി അടിയന്തിരമായി ഈ 4 ദ്വീപുകൾക്ക് പാലം പണിയാൻ ഉടൻതന്നെ നടപടി സ്വീകരിക്കണമെന്ന് പൊതുമരാമത്തുവകുപ്പുമന്ത്രിയോട് അപേക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർക്കുട്ടി നഹ) : സർ, ഈ 4 ദ്വീപുകൾക്കും പാലം കെട്ടേണ്ടതു വളരെ ആവശ്യമാണെന്നുള്ള കാര്യം അംഗീകരിക്കുകയാണ്. കരയുമായി യാതൊരു ബന്ധവുമില്ലാത്ത ഈ ദ്വീപുകളിൽ നിവസിക്കുന്ന ആളുകൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ സത്വരമായി പതിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ 4 ദ്വീപുകളിലേക്കും പാലങ്ങൾ കെട്ടാനുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുശേഷം ഡിസൈനും മറ്റും അംഗീകരിച്ച് പാലത്തിന്റെ പണി തുടങ്ങാൻ സാധിക്കും. പക്ഷെ അവിടെയുള്ള റോഡുകളെല്ലാം പി. ഡബ്ല്യൂ. ഡിയുടെ റോഡുകളല്ല. എല്ലാം പഞ്ചായത്തു റോഡുകളാണ്. ഗവൺമെന്റ് സ്വന്തമായി പാലം കെട്ടണമെങ്കിൽ ഈ റോഡുകളെല്ലാം ഗവൺമെന്റ് ഏറ്റെടുക്കണം. അതിനാവശ്യമായ വീതിയിലും നിലത്തിലും സ്ഥലം കിട്ടണം. അതല്ലെങ്കിൽ പഞ്ചായത്ത് കോൺട്രിബ്യൂഷൻ തരാൻ തയ്യാറാകണം. ഏതായാലും ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്. അതു കഴിഞ്ഞശേഷം ബാക്കി കാര്യങ്ങളാലോചിക്കാം.

(4) അയ്യന്തോളിലെ പുതിയ വൈദ്യുതി കണക്ഷൻ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അയ്യൻതോളിൽ കഴിഞ്ഞ ഒരു വർഷക്കാലമായി ഒരൊറ്റ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly